**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2837</u>      <u>17.10.2016 ൽ മറുപടിക്ക്</u>

## <u>നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി</u>

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ മുൻസർക്കാരിന്റെ കാലത്ത് ഏതെങ്കിലും തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് നെടുങ്ങോലം രാമറാവു മെമ്മോറിയൽ ആശുപത്രിയിൽ ഒരു ദന്തൽ അസിസ്റ്റന്റ് സർജന്റെയും ഒരു ദന്തൽ ഹൈജീനിസ്റ്റിന്റെയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സ്പെഷ്യാലിറ്റി കേഡറിലുള്ള ജീവനക്കാരുടെ കുറവ് മൂലം പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ, പുതിയ തസ്തിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ; | (ബി)<br><br>(സി) | നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ 18 (പതിനെട്ട്) അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് 18.01.2016 ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പുതിയ ശമ്പള സ്കെയിലുകളുടെ അടിസ്ഥാനത്തിൽ വീണ്ടും തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | പുതിയ തസ്തിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ